(ബി & സി) കാലഹരണപ്പെട്ട ഉൽപ്പന്നങ്ങളോ, ഗുണനിലവാരം കുറഞ്ഞ ഉൽപ്പന്നങ്ങളോ സപ്ലൈകോ വിൽപ്പനശാലകൾവഴി വിൽക്കുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. സപ്ലൈകോയിൽ ഇ-ടെണ്ടർ മുഖേന വാങ്ങുന്ന സാധനങ്ങൾക്ക് സപ്ലൈയർ 60 ദിവസത്തെ വാറന്റി നൽകുന്നു. സാധനങ്ങൾ ഗുണമേന്മാ പരിശോധയ്ക്കുശേഷം സ്വീകരിച്ചിട്ട്, മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ എന്തെങ്കിലും കുറവ് ശ്രദ്ധയിൽപ്പെട്ടാൽ സപ്ലൈയർമാരിൽ നിന്ന് അത് മാറ്റി വാങ്ങിക്കാറുണ്ട്. സപ്ലൈകോ വിൽപ്പനശാലകളിലെ നീക്കിയിരുപ്പുള്ള സാധനങ്ങൾ കാലഹരണ പരിധിയെത്തുന്നതിന് മുൻപ് തന്നെ അവ ബന്ധപ്പെട്ട ഉൽപ്പാദകരിൽ നിന്നും മാറ്റി വാങ്ങുവാൻ ഷോപ്പ് മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) സപ്ലൈകോവഴി മാഗി എന്ന ഉൽപ്പന്നം വിപണനം നടത്തിയിരുന്നു. എന്നാൽ പരാതികളുടെ അടിസ്ഥാനത്തിൽ ഇതിന്റെ ഗുണമേന്മ ഉറപ്പുവരുത്തുവാൻ ഗവൺമെന്റ് നിർദ്ദേശം നൽകി. ഇപ്പോൾ സപ്ലൈകോ വിൽപ്പനശാലകളിൽ മാഗി എന്ന ഉൽപ്പന്നം ലഭ്യമല്ല.

(ഇ) നിരോധിയ്ക്കപ്പെട്ട ഉല്പന്നങ്ങൾ ഒന്നുംതന്നെ സപ്ലൈകോവഴി വിപണനം നടത്തുന്നില്ല.

(എഫ്) സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി വിതരണം നടത്തുന്ന ഉല്പന്നങ്ങളുടെ ഗുണമേന്മ, സപ്ലൈകോ ക്വാളിറ്റി വിഭാഗം ഉറപ്പാക്കുന്നുണ്ട്.

റോഡ് വികസനം

9 (*249)) ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളുടെ വികസനത്തിനായി നിക്ഷേപ സംഗമം സംഘടിപ്പിക്കുകയുണ്ടായോ ; വിശദാംശങ്ങൾ നൽകാമോ ;

(ബി) റോഡുകളുടെ നിർമ്മാണത്തിനും വികസനത്തിനും സ്വകാര്യ മേഖലയെ അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) അടിസ്ഥാന മേഖലയുടെ സ്വകാര്യവത്ക്കരണം പൊതുജനത്തിന് കടുത്ത ആഘാതമാകുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന ചെറുകിട കരാറുകാരെ ഒഴിവാക്കി വൻകിട നിർമ്മാണ കമ്പനികളെ റോഡുകളുടെ നിർമ്മാണ പ്രവർത്തനം ഏല്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ഇ) ഇത്തരത്തിൽ നിർമ്മിക്കപ്പെടുന്ന റോഡുകൾക്ക് ടോൾ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ?

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) :

(എ) കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽപ്പെടുത്തി പൊതുജന പങ്കാളിത്തത്തോടെ (PPP Hybrid Annuity) നിർമ്മാണം നടത്തണമെന്ന് ലോകബാങ്ക് നിഷ്കർഷിച്ചിരുന്ന പുനലൂർ-പൊൻകുന്നം റോഡിന്റേയും സംസ്ഥാന റോഡ് വികസന പദ്ധതിയിൽപ്പെടുത്തി RICK ആദ്യഘട്ടത്തിൽ BOT-Annuity അടിസ്ഥാനത്തിൽ വികസിപ്പിക്കുന്ന 107 കി.മീ റോഡിന്റേയും വികസനത്തിനു സ്വകാര്യ സംരംഭകരെ കണ്ടെത്തുന്നതിനു 2015 മാർച്ചിൽ കൊച്ചിയിൽ നിക്ഷേപക സംഗമം സംഘടിപ്പിച്ചിരുന്നു. ഈ റോഡിന്റെ ദർഘാസ് നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനും നിക്ഷേപകർക്ക് പദ്ധതിയുടെ വിശദ വിവരങ്ങൾ വിവരിച്ചു കൊടുക്കുന്നതിനും അവരെ ആകർഷിക്കുന്നതിനും വേണ്ടിയാണ് ഈ പരിപാടി സംഘടിപ്പിച്ചത്.

(ബി&സി) സ്വകാര്യ മേഖലയുടെ കൂടി പങ്കാളിത്തത്തോടെ റോഡ് ഉപയോക്താക്കൾക്ക് ആഘാതമാകാത്ത വിധത്തിലുള്ള റോഡ് വികസനം പരിഗണനയിലുണ്ട്.

(ഡി & ഇ) ഇല്ല.

പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ

10 (*250) ശ്രീ. പി.ലോട് രവി :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാചകവാതക സിലിണ്ടറുകളുടെ സുരക്ഷ സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly